മറയൂർ 3 കെ.വി. വൈദ്യുതീകരണം

56(2044) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറയൂർ 3 കെ. വി. വൈദ്യുതീകരണത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ;

(സി) ആയതിന്റെ പ്രവർത്തനം എത്ര കാലത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മറയൂർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പദ്ധതി DDUGJY Scheme വഴി നടപ്പിലാക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) അനുമതി ലഭിക്കുന്നമുറയ്ക്ക് ആരംഭിച്ച് 2 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

രാജപുരത്ത് 33 കെ.വി. സബ്സ്റ്റേഷൻ

57(2045) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജപുരത്ത് 33 കെ. വി. സബ്സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ചെലവ് വരുമെന്നും പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കള്ളാർ വില്ലേജിൽ 30 സെന്റ് റവന്യൂ ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നമുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക - 648 ലക്ഷം രൂപയാണ്. 2016-17 വർഷത്തിൽ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly